ഇതിനപ്രതിഫലംകൂടാതെ പാസ്സാക്കണമെന്നുള്ള അഭിപ്രായംവരെ ആദ്യകാലത്തു് പലർക്കും ഉണ്ടായിരുന്നു. എങ്കിലും ഈ നിയമം അവതരിപ്പിക്കുന്ന അവസരത്തിൽ പ്രതിഫലം കൊടുത്തു് ജന്മിത്വം അവസാനിപ്പിക്കാമെന്നു് പറഞ്ഞിരുന്നു. കാരണം, ഒരു പക്ഷേ, ഞാൻ ആഗ്രഹിച്ചാലും പ്രതിഫലം കൊടുക്കാതെ ജന്മിത്വം അവസാനിപ്പിക്കാൻ സാധിക്കുകയില്ല. ഇതു് വളരെവേഗം നടപ്പാക്കേണ്ട ഒരു നിയമമാണെന്നു് ഞാൻ നേരത്തെ പറഞ്ഞു. വളരെക്കാലം വിദേശാധിപത്യത്തിൽ കഴിഞ്ഞു് പല വിധത്തിലുള്ള ചൂഷണത്തിനും വിധേയമായി ഒടുവിൽ സ്വാതന്ത്ര്യം കിട്ടിയതിനശേഷം ഭൂമിയിലുള്ള കൈവശാവകാശം കൈമാറ്റം ചെയ്യുന്നതു് ഇതാദ്യമാണു്. ഇതുപോലുള്ള നിയമങ്ങളം നടപ്പിലാക്കുന്നതു് സാമൂഹ്യനീതിക്കുവേണ്ടി മാത്രമല്ല, ആളുകളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും വ്യവസായവൽക്കരണത്തിനു് വേഗത വർദ്ധിപ്പിക്കുന്നതിനും ആവശ്യമാണു്. അപ്പോഴം ഇതു് വേഗം നടപ്പിലാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. അതു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടിയുടേയോ, സി. പി. ഐ യുടേയോ—പലതു കമ്മ്യൂണിസ്റ്റു് പാർട്ടിയെന്നു പറയരുതെന്നു സ്പീക്കർ റൂം ചെയ്തതുകൊണ്ടു് ഞാൻ അതു പറയുന്നില്ല. മുസ്ലീംലീഗിന്റെയോ മാത്രം ആവശ്യമല്ല. നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളുടേയും ആവശ്യമാണു്. അതുകൊണ്ടു് സാമൂഹ്യനീതി കൈവരുത്തുന്നതിനും കർഷകരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും ഈ നാട്ടിൽ കൂടുതൽ വ്യവസായങ്ങളം ആരംഭിക്കുന്നതിനും വേണ്ടി ഈ ബിൽ പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഇതിന്റെ സെലക്ടുകമ്മിറ്റി റിപ്പോർട്ടു് നിയമസഭയുടെ പരിഗണനയ്ക്കായി അർപ്പിക്കുകയാണു്.

IX. RESOLUTION

Felicitations to Shri V. V. GIRI ON HIS ELECTION AS PRESIDENT

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ റസല്യൂഷൻ മൂവ്ചെയ്യണം.

ശ്രീമതി കെ. ആർ. ഗൗരി : "ഇൻഡ്യയുടെ നാലാമത്തെ രാഷ്ട്രപതിയായി ശ്രീമാൻ വി. വി. ഗിരി തെരഞ്ഞെടുക്കപ്പെട്ടതിൽ ഈ സഭ ഏറ്റവുമധികം സന്തോഷിക്കുന്നു. അഭിമാനാർഹമായ ഈ വിജയത്തിൽ ഈ സഭയുടെ അകംനിറഞ്ഞ അനുമോദനം രേഖപ്പെടുത്തുന്നു".

ഗതാഗതമന്ത്രി (ശ്രീ.ഇ.കെ. ഇമ്പിച്ചിബാവ) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

The Resolution was adopted.

Mr. Speaker : The House will now adjourn and meet again at 8.00 a. m. tomorrow.

The Assembly adjourned at 1.05 p. m. to meet again at 8 a. m. on Friday, the 22nd August, 1969.

LIBRARY ARCHIVES Kerala Legislative Assembly